# MARKING SCHEME
# AISSE MALAYALAM – 2022
# CODE : 012

അനുവദിച്ച സമയം: 2 മണിക്കൂർ ആകെ മാർക്ക്: 40

## sectionA / എ വിഭാഗം

| | | | |
|---|---|---|---|
| 1 | a | ശൈലിയുടെ അർത്ഥം മനസ്സിലാക്കി ഉചിതമായ വാക്യത്തിൽ പ്രയോഗിക്കുന്നതിന്<br>i കാര്യസാധ്യത്തിനുവേണ്ടി ഉന്നത ഉദ്യോഗസ്ഥരെ സമ്മാനങ്ങൾ നൽകി പ്രീണിപ്പിക്കാൻ അയാൾ ശ്രമിച്ചു<br>ii ധീരന്മാർ സ്വന്തം നേട്ടങ്ങൾക്ക് വേണ്ടി ഒരിക്കലും സ്വന്തം ആദർശങ്ങൾ ബലികഴിക്കുകയില്ല | 1<br>1 |
| | b | i. വേദങ്ങൾ പ്രമാണം ആണെങ്കിൽ –അംഗവാക്യം<br>ഞാൻ അക്ഷയ ലോകങ്ങൾ നേടിയിരിക്കുന്നു –അംഗിവാക്യം<br>ii ധൃഷ്ടദ്യുമ്നന്റെ മരണഞരക്കം കൊണ്ട് –അംഗവാക്യം<br>അവിടെയുള്ള സ്ത്രീകളും കാവൽക്കാരും ഉണർന്നു –അംഗിവാക്യം | 1/2<br>1/2<br>1/2<br>1/2 |
| | c | i വേദങ്ങൾ പ്രമാണം ആണെങ്കിൽ ഞാൻ അക്ഷയ ലോകങ്ങൾ നേടിയിരിക്കുന്നു അല്ലെങ്കിൽ<br>വേദങ്ങൾ പ്രമാണം ആണെങ്കിൽ ഞാൻ നാശമില്ലാത്ത ലോകങ്ങൾ നേടിയിരിക്കുന്നു<br>ii ദ്രൗണി അത് പാണ്ഡവഗർഭത്തിലേക്ക് വിട്ടപ്പോൾ ഹൃഷീകേശൻ ഹർഷംകൊണ്ട് ആ പാപിയോട് പറഞ്ഞു<br>അല്ലെങ്കിൽ<br>ദ്രൗണി അത് പാണ്ഡവഗർഭത്തിലേക്ക് വിട്ടപ്പോൾ ഹൃഷീകേശൻ | 1<br>1 |

| | | | |
|---|---|---|---|
| | | സന്തോഷംകൊണ്ട് ആ പാപിയോട് പറഞ്ഞു | |
| | d | **ഉപന്യാസം**<br><br>ആമുഖം<br>ഉള്ളടക്കം, ആശയം<br>ഭാഷാശൈലി, അവതരണരീതി, ഖണ്ഡികാകരണം<br>ഉപസംഹാരം | <br><br>1<br>2<br>2<br>1 |
| | e. | **കത്ത്**<br>.രൂപഘടന<br>പ്രേഷകൻ, മേൽവിലാസം<br>സ്വീകർത്താവ്, മേൽവിലാസം<br>തീയതി , വിഷയസൂചന ,അഭിസംബോധന, ഉപസംഹാരം, ഒപ്പ്.<br><br>.ഉള്ളടക്കം<br><br>.ഭാഷാശൈലി,<br>അവതരണരീതി | <br><br><br><br>2<br><br>2<br><br>1 |
| | f. | **പത്രവാർത്ത**<br>(ഒന്നര പേജ് /മൂന്നോ നാലോ ഖണ്ഡിക)<br>.തലക്കെട്ട്( ഉചിതമായ, ആകർഷകമായ, വാർത്തയോട് നീതിപുലർത്തുന്ന ശീർഷകം)<br>. ക്രെഡിറ്റ് ലൈൻ<br>( വാർത്തയുടെ ഉറവിടം– സ്വന്തംലേഖകൻ, പ്രത്യേക ലേഖകൻ, എന്നിങ്ങനെ )<br>.പ്ലേസ് ലൈൻ– സംഭവം നടന്ന സ്ഥലം/<br>ഡേറ്റ് ലൈൻ– –സംഭവം നടന്ന തീയതി<br>.ഇൻ റോ അഥവാ വാർത്തയുടെ ലീഡ്<br>ഇത് വാർത്തയുടെ ആദ്യ ഖണ്ഡിക ആണ്.<br><br>.വാർത്തയുടെ വിശദാംശങ്ങൾ അടുത്ത ഖണ്ഡികകൾ<br><br>.പത്ര വാർത്തയുടെ ഭാഷ –<br>ഋജുവായ ഭാഷ, ഭാഷ ആലങ്കാരികമോ സന്ദേഹം ജനിപ്പിക്കുന്നതോ ആകരുത് | |

| | | | |
|---|---|---|---|
| | | പത്രവാർത്തയുടെ മുകളിൽ സൂചിപ്പിച്ച ഘടനയ്ക്ക്<br><br>പത്രവാർത്തയുടെ ഉള്ളടക്കത്തിന്<br><br>പത്രവാർത്ത അവതരിപ്പിക്കുന്ന ഭാഷയ്ക്ക്<br><br><br>**ബി വിഭാഗം/ section B** | 2<br><br>2<br><br>1 |
| 2 | a. | കൃതി ,ലേഖകപരിചയം, ആമുഖം<br>ഭാരത പര്യടനം- യുദ്ധത്തിന്റെ പരിണാമം<br>കുട്ടികൃഷ്ണ മാരാര്<br><br>പതിനെട്ട് ദിവസം നീണ്ടുനിന്ന മഹാഭാരതയുദ്ധത്തിൽ പാണ്ഡവർ വിജയം നേടി.പകൽ വെളിച്ചത്തിൽ നോക്കി കാണാൻ കഴിയും മുമ്പേ അത് പരാജയമായി.കുരുക്ഷേത്രത്തിൽ കൗരവരെ പരാജയപ്പെടുത്തുന്നത് പാണ്ഡവർക്ക് സമുദ്രം താണ്ടുന്നതിന് തുല്യമായിരുന്നു;<br>സമ്പാദ്യം ആകട്ടെ യുദ്ധ വിജയവും.<br><br>യുദ്ധത്തിനു ശേഷിച്ചവരെ എല്ലാം, പാണ്ഡവർ ഒഴികെയുള്ളവരെ പാണ്ഡവരുടെ ചെറിയ ഒരു അശ്രദ്ധ കൊണ്ട് കൃപരും കൃതവർമ്മാവും അശ്വത്ഥാമാവും ചേർന്ന് കൊന്നൊടുക്കി. കൈത്തോട്ടിൽ മുങ്ങി സർവതും നഷ്ടപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞത് ധൃഷ്ടദ്യുമ്നനും ശിഖണ്ഡിയും അടക്കം സർവ്വ പാഞ്ചാലരും സംഹാരത്തിന് ഇരയായി എന്നതാണ് | ½<br><br><br><br>1<br><br><br><br><br><br><br>1½ |
| | b. | കൃതി ,ലേഖകപരിചയം, ആമുഖം<br>ഭാരത പര്യടനം- യുദ്ധത്തിന്റെ പരിണാമം<br>കുട്ടികൃഷ്ണ മാരാര് | ½ |

| | | | |
|---|---|---|---|
| | | കുരുക്ഷേത്രത്തിൽ വച്ച് കൗരവപാണ്ഡവ യുദ്ധം തുടങ്ങുമ്പോൾ യുദ്ധത്തിൽ പുലർത്തേണ്ട ധാർമികത സംബന്ധിച്ച് ഇരുകക്ഷികളും തമ്മിൽ കരാർ ഉണ്ടായിരുന്നു, സ്വന്തം മികവുകൊണ്ട് ജയിക്കണം എന്നതായിരുന്നു അതിന്റെ സാരം.<br><br>അതിനു വിപരീതമായി കൗരവപക്ഷത്ത് പല മഹാരഥന്മാരെയും പാണ്ഡവർ വീഴ്ത്തിയത് ധർമ്മത്തിന് എതിരായാണ്. ഗദായുദ്ധത്തിൽ ചതിപ്രയോഗത്തിലൂടെ ആണ് തുടക്ക് അടിച്ച് ഭീമൻ ദുര്യോധനനെ വീഴ്ത്തിയത്. അതുപോലെ പുത്രൻ മരിച്ചു എന്നു  കേട്ട് ദ്രോണർ ആയുധം താഴെ ഇട്ട തക്കംനോക്കി ധൃഷ്ടദ്യുമ്നൻ അദ്ദേഹത്തിന്റെ ശിരസ്സ് ഛേദിച്ചു. ഭീഷ്മർ ,കർണ്ണൻ, ദ്രോണർ തുടങ്ങിയ മഹാരഥന്മാരെ എല്ലാം പാണ്ഡവർ കൊന്നൊടുക്കിയത് അധർമ്മത്തിലൂടെയാണ് | 1<br><br><br><br><br>1½ |
| | C | കൃതി ,ലേഖക പരിചയം, ആമുഖം<br>ഭാരത പര്യടനം– യുദ്ധത്തിന്റെ പരിണാമം<br>കുട്ടി കൃഷ്ണ മാരാര്<br><br>മൃത്യു രംഗത്തിൽ നിലത്തുവീണ് പ്രാണവേദന കൊണ്ട് ഞരങ്ങുമ്പോഴും ദുര്യോധനനിൽ അഹങ്കാരവും സ്വപ്രത്യയസ്ഥൈര്യവും പ്രതാപകാലത്ത് എങ്ങനെയായിരുന്നോ, അതുപോലെ തന്നെ നിലനിൽക്കുന്നു. തന്റെ വൃദ്ധരായ മാതാപിതാക്കളെയും പ്രിയപ്പെട്ട ഭാര്യയെയും ഓർമ്മിക്കുന്നതിനുമുമ്പേ, തങ്ങളുടെ ഏക സഹോദരിയായ ദുശ്ശളയെക്കുറിച്ച് ഓർക്കുന്ന ദുര്യോധനന്റെ ഹൃദയോന്നതിയും ആഭിജാത്യവും കൂടി മാരാർ കണക്കിലെടുക്കുന്നു. കൃഷ്ണന്റെ പ്രഭാവം അറിഞ്ഞിട്ടും ക്ഷത്രിയധർമ്മത്തിൽ നിന്നും ദുര്യോധനൻ പിന്മാറുന്നില്ല. എതിരാളികളോടുള്ള അവജ്ഞയും വൈരാഗ്യവും മരണശയ്യയിൽ പോലും മാറുന്നില്ല. ഈ സ്ഥിരസത്വത ആരുടെയും ആദരവ് അർഹിക്കുന്നു എന്ന് മരാർ സമർഥിക്കുന്നു. | ½<br><br><br><br><br><br><br><br><br>2 ½ |

| | | | |
|---|---|---|---|
| 3 | a | കൃതി കവി ആമുഖം<br>അമ്മത്തൊട്ടിൽ, റഫീക്ക് അഹമ്മദ്, ആമുഖം<br><br>കേരള സംസ്ഥാനശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ 2007 ഇൽ   തുടങ്ങിവച്ച പദ്ധതിയാണ് അമ്മത്തൊട്ടിൽ. അനാഥ ശിശുക്കൾക്കോ ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കോ ഉള്ള അഭയസ്ഥാനമാണ് അമ്മത്തൊട്ടിൽ. എന്നാൽ കവിതയിലെ അമ്മത്തൊട്ടിൽ അമ്മമാരെ ഉപേക്ഷിക്കാനുള്ള ഇടമാണ്.<br><br>അമ്മ ഉപേക്ഷിക്കപ്പെടേണ്ട പാഴ് വസ്തു ആയിത്തീരുന്ന പുതിയ കാലഘട്ടത്തിന്റെ രാഷ്ട്രീയ സാമൂഹിക പരിതസ്ഥിതികളെ അഭിസംബോധന ചെയ്യാൻ ഈ ശീർഷകം കൊണ്ട് സാധിച്ചിട്ടുണ്ട്<br>സമകാലിക സാഹചര്യങ്ങൾ മനുഷ്യബന്ധങ്ങൾ നിലനിർത്തുന്നതിന് തികച്ചും പ്രതികൂലമായി തീരുന്നു എന്ന നിരീക്ഷണം.<br>അമ്മയുടെ വാത്സല്യം നുണയേണ്ടി വരുന്ന സമയത്ത്, അനാഥമാക്കപ്പെടുന്ന ബാല്യം പോലെ തന്നെയാണ് മക്കളുടെ സ്നേഹവും, ദയാപൂർണമായ പരിചരണവും കിട്ടേണ്ട സമയത്ത് അനാഥാലയങ്ങളിലോ, വൃദ്ധസദനങ്ങളിലോ, നഗരങ്ങളിലോ ക്ഷേത്രനടകളികളിലോ ഉപേക്ഷിക്കപ്പെടുന്ന വാർധക്യം.<br>കവിതയിലെ മകൻ അമ്മയെ ഉപേക്ഷിക്കാനുള്ള ഇടം തേടി നടക്കുന്ന ഈ ദുരവസ്ഥയെ,ആധുനികകാല യാഥാർത്ഥ്യങ്ങളെ ബോധ്യപ്പെടുത്തുവാൻ ശീർഷകത്തിനു സാധിച്ചിട്ടുണ്ട് | ½<br><br><br><br>1<br><br><br><br>1<br><br><br><br><br>½ |
| | b. | കവിത കവി പരിചയം ആമുഖം<br>അമ്മത്തൊട്ടിൽ, റഫീക്ക് അഹമ്മദ്, ആമുഖം<br><br>വിജനമായ തെരുവിൽ വലിയ ഷോപ്പിംഗ് മാളിന് തൊട്ടടുത്ത് അമ്മയെ ഇറക്കിവിടാൻ വന്നപ്പോഴാണ് പെറ്റ് കിടക്കുന്ന തെരുവുപട്ടി കുരച്ചു ചാടുന്നത്.<br>കുട്ടിയെ സംരക്ഷിക്കാനുള്ള തെരുവുപട്ടിയുടെ വ്യഗ്രത,അടുത്തോട്ട് വരുന്നവർക്ക് നേരെയുള്ള ശൗര്യം.<br>മൃഗങ്ങളിൽ പോലും മാതൃപുത്ര ബന്ധത്തിന്റെ ദൃശ്യങ്ങൾ കാണാം. പ്രകൃതിയും മിണ്ടാ പ്രാണികളും പരിഷ്കൃത മനുഷ്യന് നൽകുന്ന | ½<br><br><br><br>1½ |

| | | | |
|---|---|---|---|
| | | സന്ദേശം.<br><br>എല്ലാ അമ്മമാർക്കും വേണ്ടിയുള്ള പ്രതിഷേധസ്വരം ആവാം തെരുവുപട്ടിയുടെ ആക്രോശം.<br>ജന്മം നൽകി വളർത്തി വലുതാക്കിയ അമ്മയെ തെരുവിലേക്ക് വലിച്ചെറിയുന്ന മനുഷ്യ സമൂഹത്തിന് എതിരെയുള്ള പ്രതിഷേധം.<br>മാതാപിതാക്കളോട് സ്നേഹമായി പെരുമാറേണ്ടതും സംരക്ഷിക്കേണ്ടതും മക്കളുടെ ചുമതലയാണ് എന്ന ബോധ്യത്തിലേക്ക് ഇത് നയിക്കുന്നു. | ½<br><br>½ |
| | c. | കവിത, കവി പരിചയം, ആമുഖം<br>ഓണമുറ്റത്ത്,വൈലോപ്പിള്ളി ശ്രീധരമേനോൻ, വിട എന്ന കവിതാ സമാഹാരം.<br>മഴയെപ്പോലും വകവയ്ക്കാതെ മേടുകൾ തോറും പൂക്കൾ നിറച്ച് ഒരുങ്ങി നിൽക്കുകയാണ് തുമ്പകൾ.<br><br>വിളക്ക് കൊളുത്താൻ തിരികൾ തെറുത്ത് ദീപക്കുറ്റികൾ നാട്ടി ഉചിതമായ മുഹൂർത്തം കാത്തിരിക്കുന്ന മുക്കുറ്റികൾ<br><br>നടുവിൽ പൊൽക്കിഴി എരിയുന്ന വെള്ളിത്താലവുമായി ഉറങ്ങാതെ കാത്തിരിക്കുന്ന നെയ്യാമ്പലുകൾ.<br>നിലാവാകുന്ന കമുകിൻ പൂവരി തൂവി എതിരേൽക്കാൻ കാത്തു നിൽക്കുന്ന രാവ്.<br>നീളും മലകൾ ആകുന്ന ചങ്ങലവിളക്കിന്റെ നാളം ഒന്നുയർത്തി പ്രഭാതമാകുന്ന കന്യക ഓണക്കോടിയുടുത്ത് അല്പം നാണത്തോടുകൂടി ഒരുങ്ങിയിരിക്കുന്നു. | ½<br><br>½<br><br>½<br><br>½<br>½<br><br>½ |
| 4 | a | ആമുഖം<br>സാധാരണ സന്യാസിമാരേപ്പോലെ അദ്ദേഹം കാഷായ വസ്ത്രം ധരിച്ചിരുന്നില്ല.<br>ലളിതമായ ജീവിതശൈലി,ലോകത്തുള്ള സകല ജീവജാലങ്ങളും | |

| | | | |
|---|---|---|---|
| | | കൂടപ്പിറപ്പുകൾ , ലൗകികമായ ജീവിതത്തിലും പരമശുദ്ധിയും ആത്മവിദ്യയും പാലിക്കാമെന്നും പരിപോഷിപ്പിക്കാമെന്നും കാണിച്ചു കൊടുത്ത മഹാൻ.<br><br>കാഷായ വസ്ത്രങ്ങൾ ധരിക്കാത്തതിനാലും മറ്റു സന്യാസ ചിഹ്നങ്ങൾ ഇല്ലാത്തതിനാലും അദ്ദേഹത്തെ കണ്ടാൽ വെറുമൊരു സാധാരണക്കാരായ ഗ്രാമീണൻ.<br><br>ജലോപരിതലത്തിലെ താമര പോലെആയിരുന്നു അദ്ദേഹം; വെള്ളം ഉയർന്നാലും താണാലും താമര തൽസ്ഥാനത്ത് തന്നെ തുടരുമല്ലോ. അദ്ദേഹം സർവ്വം സഹിക്കുന്ന ഒരു മനുഷ്യൻ ആയിരുന്നു | 1<br><br>1<br><br>1 |
| | b. | ആമുഖം<br>തിരുവനന്തപുരത്ത് , ഓവർസിയർ കേശവപിള്ളയുടെ ഭവനത്തിൽ താൽക്കാലികമായി താമസിച്ചിരുന്ന സമയത്ത് ചട്ടമ്പിസ്വാമികൾ ചില ചികിത്സകൾ നടത്തിയിരുന്നു.ക്രമേണ ഒരു സിദ്ധന്റെ പദവിയിലേക്ക് ചട്ടമ്പി ഉയർന്നു.<br><br>ഒഴിയാബാധകൾ മാറ്റിയും മാറാരോഗങ്ങൾ ശമിപ്പിച്ചും പ്രശസ്തനായി.കൂപക്കര പോറ്റിമാരിൽ നിന്ന് നിരവധി മന്ത്രതന്ത്രങ്ങൾ പരിശോധിക്കുകയും പഠിക്കുകയും ചെയ്തു.<br><br>ഒറ്റവായനയിൽ എന്തും ഹൃദിസ്ഥമാക്കാനുള്ള കഴിവുണ്ടായിരുന്നു. കൂപക്കര പോറ്റിമാരാണ് ചട്ടമ്പിക്ക് വിദ്യാധിരാജൻ എന്ന ബഹുമതി നൽകിയത് | 1<br><br>1<br><br>1 |

| | | | |
|---|---|---|---|
| | C | ആമുഖം<br>തന്റെ പ്രൗഢി കാണിക്കുവാൻ സ്വാമികളെ ഉദ്യോഗസ്ഥനായ സുഹൃത്ത് വിരുന്നിനു ക്ഷണിക്കുന്നത്,<br><br>വിരുന്നിനു സ്വാമികൾ വച്ച  ഉപാധി,<br>സദ്യയ്ക്ക് ഒറ്റക്ക് എത്തിയ സ്വാമികൾ<br>സദ്യ തുടങ്ങിയപ്പോൾ സംഭവിച്ച അത്ഭുതം,<br>അത്ഭുതത്തിന് സ്വാമികൾ നൽകിയ വ്യാഖ്യാനം. | 1<br><br>1<br><br>1 |

| | | | |
|---|---|---|---|
| | | | |
| | | | |